ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടെങ്കിലും പല സിനിമാ ശാലകളിലും പേരിനുമാത്രം തൊഴിലാളികളെ-സ്ഥിരം തൊഴിലാളികളെ നിറുത്തുകയും, ബാക്കി തൊഴിലാളികളെ ദിവസേന മാറി മാറി നിറുത്തുകയും ചെയ്യുന്ന ഏർപ്പാട് ഉണ്ടെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതുകൊണ്ട് എല്ലാ സിനിമാശാലകളിലും സ്ഥിരമായിട്ടുള്ള തൊഴിലാളികളുടെ രജിസ്റ്റർ സൂക്ഷിക്കാനും അതില്ലാത്തിടത്ത് അതിനുള്ള നടപടി എടുക്കാനും നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. ശിവദാസൻ : അതിന്റെ എൻഫോഴ്സുമെന്റിൽ എവിടെയെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതിന് കർശനമായി എൻഫോഴ്സ് ചെയ്യാൻ നിർദ്ദേശം കൊടുക്കും.

ശ്രീ. എ. വി. താമരാക്ഷൻ : ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രി സിനിമാ വ്യവസായ രംഗത്തെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി രൂപീകരിച്ച മിനിമം വേജസ് കമ്മിറ്റിയിൽനിന്ന് അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട 2 മെമ്പർമാർ രാജി വച്ച് മാതൃസംഘടനയിൽ പോയതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയിലുണ്ടായിരുന്ന മറ്റു മെമ്പർമാരെ രാജി വയ്പിച്ച്, ആ കമ്മിറ്റി മൊത്തം നശിപ്പിക്കാൻ ശ്രമിച്ചതു തൊഴിലാളി വിരോധമല്ലെ ?

ശ്രീ. കെ. ശിവദാസൻ : അങ്ങനെയൊന്നും സംഭവിച്ചിട്ടില്ല. ഒരു മെമ്പറും രാജി വച്ചിട്ടില്ല.

ഐ. ആർ. ഡി. പി.

* 259 [280] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി.പി. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ;

(ബി) തെരഞ്ഞെടുക്കുന്നവരിൽ എത്ര ശതമാനം സ്ത്രീകൾ ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ദാരിദ്ര്യരേഖയ്ക്കുതാഴെ ജീവിക്കുന്ന ഗ്രാമീണകുടുംബങ്ങളിലെ അംഗങ്ങളായിരിക്കണം എന്നതാണ് ഐ. ആർ. ഡി. പി. അനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം.

(ബി) 33 ⅓ ശതമാനം.

ശ്രീമതി കെ. ആർ. ഗൗരി : 33 ⅓ ശതമാനമെന്നാണ് പറഞ്ഞത്. ഈ കൊടുത്ത ഐ. ആർ. ഡി. പി. ലോണിൽ എത്ര ശതമാനം സ്ത്രീകൾ ഉൾപ്പെട്ടിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെട്ടിട്ടില്ല എങ്കിൽ പ്രത്യേകമായി ഈ ശതമാനം കിട്ടുന്നതിന് ആവശ്യമായ നടപടി എടുക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ 33 ⅓ ശതമാനം നമുക്ക് ഇതുവരെ കൈവരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടില്ല. അപ്പോഴും നമുക്ക് കൈവരിക്കാൻ (കഴിഞ്ഞവർഷങ്ങളിൽ) കഴിഞ്ഞിട്ടുള്ളത് 26 ശതമാനമാണ്. അതു വർദ്ധിപ്പിക്കാൻ വേണ്ടി ഗവൺമെൻറ് വനിതകൾക്കുവേണ്ടിയുള്ള ഒരു ഗ്രൂപ്പ് എക്കണോമിക് ആക്ററിവിറ്റി ഇപ്പോൾ എല്ലാ ബ്ലോക്കുകളിലും ആരംഭിച്ചിട്ടുണ്ട്. അതു വളരെ നല്ല രീതിയിൽ മുമ്പോട്ടു പോകുന്നുണ്ട്. അങ്ങനെയാണെന്നുണ്ടെങ്കിൽ ഈ സാമ്പത്തികവർഷംതന്നെ അതു കൈവരിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: ഗ്രൂപ്പ് എക്കണോമിക് പദ്ധതിയെ കുറിച്ചല്ല ഞാൻ ചോദിച്ചത്. അതു നിങ്ങൾ വേറെ ഉണ്ടാക്കിക്കൊള്ളണം. 33⅓ ശതമാനം കൊടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. 26 എന്നാണ് പറഞ്ഞത്. എന്റെ നിയോജകമണ്ഡലത്തിൽ 26-ം ഇല്ല. ഇരുപതിനുതാഴെയാണുള്ളത്. അങ്ങനെയാണെന്നുണ്ടെങ്കിൽ വരുന്ന ഒരു കൊല്ലത്തേക്ക് കൊടുക്കാനുള്ള തുക പ്രത്യേകമായി സ്ത്രീകൾക്കു മാത്രമായി ആദ്യമായി കൊടുത്ത് ഈ ശതമാനം നികത്തുന്നതിനുവേണ്ടി നടപടി എടുക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല: അതുതന്നെയാണ് ഗ്രൂപ്പ് എക്കണോമിക് ആക്ററിവിറ്റിയെന്നു പറഞ്ഞത്. ഐ. ആർ. ഡി. പി. ആനുകൂല്യം ലഭിക്കേണ്ട കുടുംബങ്ങളിലെ സ്ത്രീകളെ ഒരുമിച്ചു ചേർത്ത് അവർക്കു കൊടുക്കുന്ന ലോണും സബ്സിഡിയും കൂടി ഒരുമിച്ചു കൊടുക്കാനുള്ളതാണ് ഗ്രൂപ്പ് എക്കണോമിക് ആക്ററിവിറ്റി. അതോടൊപ്പംതന്നെ വനിതകൾക്കു കൂടുതൽ ഐ. ആർ. ഡി. പി. ആനുകൂല്യം മുൻഗണനാക്രമത്തിൽ ലഭ്യമാക്കാനുള്ള നിർദ്ദേശംകൂടി ഗവൺമെൻറ് ഇപ്പോൾ കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. പി. രാമൻ: ഐ. ആർ. ഡി. പി. മുഖേന ലഭിച്ച ആനുകൂല്യങ്ങൾ അതാതു ഗുണഭോക്താക്കൾതന്നെ ശരിക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടോയെന്നു അന്വേഷിക്കാൻ വല്ല സംവിധാനവുമുണ്ടോ ? ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ ?

ശ്രീ. രമേശ് ചെന്നിത്തല: 1980-85 കാലഘട്ടത്തിൽ സഹായിച്ച കുടുംബങ്ങളെ ഗവൺമെൻറ് വീണ്ടും സർവ്വെ ചെയ്യുകയുണ്ടായി. ഇവർക്കു ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ പരമാവധി വിനിയോഗിച്ചിട്ടുണ്ടോയെന്നു പരിശോധിക്കാൻവേണ്ടിയാണ്. ഈ സർവ്വെ നടത്തിയത്. ഇതിന്റെ വെളിച്ചത്തിൽ ഏതാണ്ട് 19% ഗുണഭോക്താക്കൾ അസ്സാറ്റ്സ് വിറ്റു പോയിയെന്നു കാണപ്പെട്ടിട്ടുണ്ട്. 14 ശതമാനത്തോളം പേർക്കു ജീവനോപാധികൾ നശിച്ചുപോയതായും ഈ സർവ്വെയിൽ കാണപ്പെട്ടിട്ടുണ്ട്. ഏതാണ്ട് 45 ശതമാനത്തോളം ഗുണഭോക്താക്കൾ അവരുടെ ബാദ്ധ്യതകൾ അടച്ചു തീർത്തതായും കാണപ്പെട്ടിട്ടുണ്ട്. ഗവൺമെൻറ് ഓഫ് ഇൻഡ്യയുടെ കൺകറണ്ട് ഇവാല്യുവേഷൻ മുഖേന ഇക്കാര്യത്തിൽ പരിശോധിക്കുന്നുണ്ട്. കൺകറണ്ട് ഇവാല്യുവേഷൻ റിപ്പോർട്ട് സംസ്ഥാനഗവൺമെൻറുകൾക്ക് തന്നിട്ടുണ്ട്. ഞങ്ങൾ അതു റക്ടിഫൈ ചെയ്യാനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: ഐ. ആർ. ഡി. പി. വായ്പയ്ക്കുവേണ്ടി പോകുമ്പോൾ ചില ബാങ്കുകൾ, പ്രത്യേകിച്ചും ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ ചില ശാഖകളിലെ മാനേജർമാർ അതിന്റെ സബ്സിഡിയുടെ

LIBRARY ARCHIVES Kerala Legislative Assembly

വിഹിതം ചോദിച്ചു ബുദ്ധിമുട്ടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ആങ്ങനെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ ആ വിവരം എഴുതിത്തന്നാൽ അന്വേഷിക്കാമോ ?

ശ്രീ. രമേശ് ചെന്നിത്തല : ബാങ്കുകൾ പൊതുവെ, കേരളത്തിലെ ഐ. ആർ. ഡി. പി. യുടെ കാര്യത്തിൽ സഹകാര്യമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഈ അടുത്തസമയത്തുതന്നെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കുകളുടെ ഒരു യോഗം വിളിച്ചുകൂട്ടുകയും നവംബർ, ഡിസംബർ മാസത്തോടുകൂടി ഈ വർഷത്തെ ടാർജറ് അച്ചീവ് ചെയ്യാൻ സാധിക്കത്തക്കരീതിയിലുള്ള സഹായം നൽകുമെന്നുള്ള കാര്യം ഉറപ്പു നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെംബർ അതു പ്രത്യേകം എഴുതി തരികയാണെങ്കിൽ അന്വേഷിച്ചുവേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ : ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കാണല്ലോ ഇത് കിട്ടുന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. കഴിഞ്ഞ വർഷം കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര പേർക്ക് ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല : ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെയാണ് നമ്മൾ സഹായിക്കാറുള്ളത്. കേരളത്തിൽ നടത്തിയ ഒരു കുടുംബ സർവ്വേയുടെ വെളിച്ചത്തിൽ 15.87 ലക്ഷം കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ളതെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. 1985-86-ൽ 71376 കുടുംബങ്ങളെ നമുക്കു സഹായിക്കാൻ കഴിഞ്ഞു. 1986-87-ൽ 65667 കുടുംബങ്ങളെ സഹായിക്കുകയെന്നുള്ളതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇവിടെ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതെന്നു നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ ; അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട ആളുകൾ 15.8 ശതമാനം വരുമെന്നാണ് പറഞ്ഞത്. ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലും ദാരിദ്ര്യരേഖക്ക് താഴെയുള്ള ആളുകളെ ഒഴിവാക്കി അതിൻമേലെയുള്ള ആളുകളെ ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തി അവിഹിതമായി ഈ ആനുകൂല്യങ്ങൾ വാങ്ങുന്നു വെന്നുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത്തരം പരാതികൾ പരിശോധിച്ച് അർഹരായവരെ ഉൾപ്പെടുത്താനും, അനർഹരായവരെ ഒഴിവാക്കാനും ആവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ഇതുപോലുള്ള പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിലാണ് 1-2-1985-ൽ ഒരു കുടുംബ സർവ്വേ കേരളത്തിൽ ആരംഭിച്ചത്. ഈ സർവ്വേ 31-9-1985-ൽ അവസാനിക്കുകയുണ്ടായി. അതിനുശേഷം ഇതിന്റെ കരട് ലിസ്റ്റ് നമ്മുടെ ബ്ലോക്കാഫീസിലും, ഗ്രാമസേവകരുടെ ഓഫീസിലുമൊക്കെ പ്രസിദ്ധീകരിച്ച് എം. എൽ. എ. മാർക്കും, എം. പി. മാർക്കും കൊടുത്തു. ഡി. ആർ. ഡി. എ. കമ്മിറ്റികളിലൊക്കെ വയ്ക്കുകയുണ്ടായി. ഇതിനെ സംബന്ധിച്ച് മൊത്തം 52189 പരാതികളാണ് ലഭിക്കുകയുണ്ടായത്. ഇത് പരിശോധിച്ചതിനുശേഷം 35311 പേരെ കൂടി വീണ്ടും ഈ സർവ്വേ ലിസ്റ്റിൽ ചേർക്കുകയുണ്ടായി. ഈ സർവ്വേ ലിസ്റ്റ് പൂർണ്ണമായും ശരിയാണെന്ന് ഞാൻ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഗവൺമെൻറിന്റെ കണക്കനുസരിച്ച് ഇപ്പോൾ നടത്താനിരിക്കുന്ന ഏറ്റവും എഫക്ടീവായിട്ടുള്ള ഒരു മാർഗ്ഗത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സർവ്വേ നടത്തിയത്. ഇതനുസരിച്ച് മാത്രമേ നമുക്ക് ഇപ്പോൾ സഹായം നൽകാൻ കഴിയുകയുള്ളൂ.

ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി., ഐ. ആർ. ഡി. പി. എന്നിവ സംബന്ധിച്ച നിർദ്ദേശം

*260. [281] ശ്രീ. ടി. കെ. അറുമുഖൻ :
,, സി. കെ. തങ്കപ്പൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, സി. ടി. കൃഷ്ണൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി., ഐ.ആർ.ഡി.പി. എന്നീ സ്കീമുകൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉണ്ട്.

(ബി) ആർ. എൽ. ഇ. ജി. പി.

100% കേന്ദ്ര സഹായം ലഭിക്കുന്ന ഈ പദ്ധതി പ്രകാരം പ്രവർത്തികൾ ഏറ്റെടുക്കുമ്പോൾ ഗ്രാമീണ ജനതയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതും, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുന്ന തരത്തിലുള്ളതുമായ പദ്ധതികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കണമെന്ന് കേന്ദ്ര ഗവൺമെൻറിന് നിർദ്ദേശമുണ്ട്. ഈ പദ്ധതി പ്രകാരം ഗ്രാമീണലിങ്ക് റോഡുകൾ, ചെറുകിട ജലസേചന പദ്ധതികൾ, സാമൂഹ്യ വനവൽക്കരണ പരിപാടികൾ, ഭൂപരിപാലനം, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള വീട് നിർമ്മാണം എന്നിവ ഏറ്റെടുക്കണമെന്ന് നിർദ്ദേശമുണ്ട്. ഈ പദ്ധതി ജില്ലാ ഗ്രാമവികസന ഏജൻസികൾ മുഖേന തന്നെ നടപ്പാക്കണമെന്നതാണ് മറ്റൊരു പ്രധാന നിർദ്ദേശം.

എൻ. ആർ. ഇ. പി.

50% കേന്ദ്ര സർക്കാരും ബാക്കി 50% സംസ്ഥാന സർക്കാരും വഹിക്കുന്ന ഈ പദ്ധതിയനുസരിച്ച് ഗ്രാമീണ ജനതക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ഉതകുന്ന പ്രവർത്തികൾ ഏറ്റെടുക്കണമെന്നുള്ളതാണ് പ്രധാന നിർദ്ദേശം. ഇരുപതിന സാമ്പത്തിക പരിപാടിയിൽപ്പെട്ട ഗ്രാമീണ ലിങ്ക റോഡുകളുടെ നിർമ്മാണം, ചെറുകിട ജലസേചനം, ഭൂപരിപാലനം, സ്കൂൾ, ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണം, സാമൂഹ്യ വനവൽക്കരണ പരിപാടികൾ മുതലായ പ്രവൃത്തികൾ ഏറ്റെടുക്കേ

LIBRARY ARCHIVES Kerala Legislative Assembly